5. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി.
6. കാരാപ്പുഴ ജലസേചന പദ്ധതി.
7. ചിമ്മിനി ഡാം പ്രോജക്ട്.
8. പമ്പ ജലസേചന പദ്ധതി.
9. മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതി.
10. ഇടമലയാർ ജലസേചന പദ്ധതി.
11. കല്ലട ജലസേചന പദ്ധതി.
12. അട്ടപ്പാടി ജലസേചന പദ്ധതി.
13. ബാണാസുരസാഗർ ജലസേചന പദ്ധതി.

(സി) ഇപ്പോൾ നിർമ്മാണം നടന്നു വരുന്ന പദ്ധതികളിൽ കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരം ലഭിച്ച പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. പഴശ്ശി ജലസേചന പദ്ധതി.
2. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി.
3. കാരാപ്പുഴ ജലസേചന പദ്ധതി.
4. മൂവാറ്റുപുഴ ജലസേചന പദ്ധതി.
5. കല്ലട ജലസേചന പദ്ധതി.

ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന കുരിയുർകുറ്റി, കാരപ്പാറ, ഇടമലയാർ, ബാണാസുരസാഗർ എന്നീ ജലസേചന പദ്ധതികൾക്ക് കേന്ദ്രജല കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം

14(*44) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി എൻ. കെ.രാധ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നർകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളെ അഖിലേന്ത്യാ സിവിൽ സർവ്വീസസ് പരീക്ഷയ്ക്ക് പരിശീലിപ്പിക്കുന്നതിനായുള്ള തിരുവനന്തപുരത്തെ കേന്ദ്രത്തിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് പ്രസ്തുത കേന്ദ്രത്തിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) തിരുവനന്തപുരത്തെ സിവിൽ സർവ്വീസ് പരീക്ഷ പരിശീലന കേന്ദ്രത്തിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് നിയമസഭയിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത റിപ്പോർട്ടിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ, എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) പരിശീലന കേന്ദ്രത്തിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ ഉദ്ദേശമുണ്ടോ ;

(എച്ച്) പരിശീലന കേന്ദ്രത്തിന്റെ മാനേജിംഗ് കമ്മിറ്റിയിൽ വിദഗ്ദ്ധരേയും, കേന്ദ്രത്തിന്റെ പ്രിൻസിപ്പൽ തസ്തികയിൽ സർവ്വകലാശാലാ തലത്തിൽ നിന്നുള്ള വരേയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി(ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ആന്റ് (സി) സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ ചില മാറ്റങ്ങൾ വരുത്തി കൂടുതൽ മെച്ചപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) സർവ്വകലാശാല ബിരുദമാണ് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത. 21-നും 35-നും മദ്ധ്യേ പ്രായമുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് പ്രവേശന പരീക്ഷ നടത്തി അതിൽ 50 ശതമാനം മാർക്ക് ലഭിക്കുന്നവരെ ഇന്റർവ്യൂ കമ്മിറ്റി ഇന്റർവ്യൂ നടത്തി അവർ ശുപാർശ ചെയ്യുന്നവർക്ക് പ്രവേശനം നൽകുന്നതാണ് നിലവിലുള്ള നടപടിക്രമം.

(ഇ) ഉണ്ട്.

(എഫ്) നടപടി സ്വീകരിച്ചു വരുന്നു. സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

(ജി) ഇല്ല.

(എച്ച്) നിർദ്ദേശം പരിശോധിക്കുന്നതാണ്.

ജലസംരക്ഷണ വിനിയോഗ സംസ്കാരം വളർത്തുന്നതിന് പദ്ധതി

15 (*45) ശ്രീ. പി. എസ്. സുപാൽ :
ശ്രീ . സി. എൻ. ജയദേവൻ :
ശ്രീ. യു. എസ്. ശശി :
പ്രൊഫ.മീനാക്ഷി തമ്പാൻ :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly